


# വചനസുമം

## ഡിസംബർ 2017

# വചന വിചിന്തനങ്ങൾ

**ഡിസംബർ 03:** **ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു**

ലൂക്കാ 1:39–56

ബ്ര. ജിതിൻ ജോർജ്ജ് ഒ.ഐ.സി

**ഡിസംബർ–10:** **യോഹന്നാൻ മാംദാനയുടെ ജനനം**

ലൂക്ക 1:57–66.

ബ്ര. അലക്സ് എം ഒ.ഐ.സി.

**ഡിസംബർ 17:** **മാർ യൗസേപ്പിനുണ്ടായ ദർശനം**

മത്തായി. 1:18–25

ബ്ര. അലൻ തോമസ് ഒ..ഐ.സി

**ഡിസംബർ 24:** **യൽദായ്ക്കു മുമ്പുള്ള ഞായർ**

ലൂക്കോസ് 2:1–7

ബ്ര. ലിബിൻ മാത്യു കുര്യൻ ഒ.ഐ.സി.

**ഡിസംബർ 25:** **യൽദാപ്പെരുന്നാൾ (ക്രിസ്തുമസ്)**

മത്തായി 2:1–12

ഡീ. മെൽവിൻ മാത്യു ഒ.ഐ.സി.

**ഡിസംബർ 31:** **യൽദാക്കു ശേഷം ഒന്നാം ഞായർ**

ലൂക്കാ 2:41–52

ബ്ര. ജയ്സൺ സൈമൺ ഒ.ഐ.സി.

# ഡിസംബർ 3

# വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

1 തിമോ. 2:4–10, ലൂക്കാ 1:39–56

ബ്ര. ജിതിൻ ജോർജ്ജ് ഒ.ഐ.സി

**പശ്ചാത്തലം**

വി. ലൂക്കോസ് തന്റെ സുവിശേഷത്തിൽ സ്ത്രീകൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട് എന്നതിന്റെ തെളിവാണ് മറിയത്തെയും എലിസബത്തിനെയും രക്ഷകന്റെ വരവുമായി ബന്ധപ്പെട്ട ഭാഗത്ത് പ്രത്യേകമായ രീതിയിൽ അവതരിപ്പിച്ചരിക്കുന്നത്. "നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്" എന്ന മറിയത്തോടുള്ള അഭിസംബോധന പഴയനിയമ ഭാഗത്തും നമുക്ക് കാണുവാനായിട്ട് സാധിക്കും. (ന്യായാ. 11:37, യൂദി. 13:18).

**പ്രമേയം**

ദുർബലരെന്ന് മനുഷ്യരാൽ മുദ്രകുത്തപ്പെടുന്നവർ ദൈവീക വാഗ്ദാനത്തിൽ പ്രത്യാശയർപ്പിച്ച്, എളിമയിൽ ജീവിച്ച് ദൈവത്തിന്റെ രക്ഷാകര ദൗത്യത്തിന് എങ്ങനെ ഭാഗഭാക്കുകളാകുന്നു എന്നതാണ് ഈ സുവിശേഷത്തിന്റെ പ്രമേയം.

**സന്ദേശം**

ഇസ്രായേലിന്റെ ചരിത്രത്തിൽ സ്ത്രീകൾക്ക് യാതൊരുവിധത്തിലുമുള്ള പരിഗണന ലഭിച്ചിരുന്നില്ല. എന്നാൽ വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ സ്ത്രീകൾക്ക് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. രക്ഷകന്റെയും, സ്നാപക യോഹന്നാന്റെയും ജനനത്തെപ്പറ്റിയുള്ള വിവരണത്തിൽ മറിയത്തെയും എലിസബത്തിനെയും പറ്റി വിവരിക്കുന്നതിലൂടെയും യേശുവിനെ അനുഗമിച്ചിരുന്നവരായ മഗ്ദലേന മറിയം, യോവാന്ന തുടങ്ങിയവരെ പരാമർശിക്കുന്നതിലൂടെയും, സ്ത്രീകൾ പ്രധാന കഥാപാത്രമായ ഉപമകൾ പറയുന്നതിലൂടെയും (കാണാതായ നാണയത്തിന്റെ ഉപമ, ലുക്കോസ് 15:8–10), യേശുവിനെ ശുശ്രൂഷിച്ച സ്ത്രീകളെ പരാമർശിക്കുന്നതിലൂടെയും (പത്രോസിന്റെ അമ്മായിയമ്മ, ലൂക്ക. 8:1–13) സ്ത്രീകളുടെ പ്രാധാന്യത്തെ വി. ലൂക്കോസ് സുവിശേഷകൻ എടുത്തു കാണിക്കുന്നുണ്ട്.

യേശുവിന്റെ ജനനത്തിനു നൂറ്റാണ്ടുകൾക്കു മുമ്പേതന്നെ ഇസ്രായേലിന്റെ രക്ഷയ്ക്ക് കാരണക്കാരായ രണ്ട് സ്ത്രീകളെ ഈ സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ നമുക്കു കാണുവനായിട്ടു കഴിയും. വചനിപ്പു കാലത്തിലൂടെ കടന്നു പോകുമ്പോൾ, മനുഷ്യ രക്ഷയും അതിനു കാരണമായവരേയും നമ്മുടെ ധ്യാനവിഷയമാക്കേണ്ടതായിട്ടുണ്ട്. അതിനായി നമ്മുടെ ചിന്തകളെ സൃഷ്ടികർമ്മം മുതലുള്ള ദൈവത്തിന്റെ രക്ഷാകര ദൗത്യത്തിലേയ്ക്ക് കേന്ദ്രീകരിക്കാം. അന്ന് യൂദിത്ത് (യൂദി. 13:18), ജായേൽ (ന്യായാ. 5:24) എന്നിവരിലൂടെ ദൈവം ഇസ്രായേലിന്

വിജയം നേടിക്കൊടുത്തുവെങ്കിൽ പുതിയ നിയമത്തിൽ മറിയത്തിലൂടെ ലോകമാകുന്ന ഇസ്രായേലിന് ദൈവം രക്ഷ നേടി കൊടുക്കുകയാണ്.

എന്നാൽ വിശുദ്ധ ലൂക്കോസ് സ്ത്രീകൾക്ക് പ്രാധാന്യം കൊടുക്കുന്നതിലൂടെ താൻ ഒരു സ്ത്രീ വാദിയാണെന്ന് പറഞ്ഞു വയ്ക്കുകയല്ല. സ്ത്രീ സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ടിരുന്നു. ആരാധന കാര്യങ്ങളിൽ അവർക്ക് നിയന്ത്രണമേർപ്പെടുത്തിയിരുന്നു. പല മേഖലകളിലും അവർ അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗമായിരുന്നു. ദൈവത്തിന്റെ രക്ഷാകര പദ്ധതി കണക്കിലെടുക്കുമ്പോൾ സ്ത്രീ മാത്രമല്ല സമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെടുന്നവർ, പിന്നെയോ മറ്റനേകം രീതിയിൽ സമൂഹത്തിൽ അടിച്ചമർത്തപ്പെടുന്നവർ തരംതാഴ്ത്തപ്പെടുന്നവർ എന്നിവരെല്ലാം തന്നെ ദൈവത്തിന്റെ കൃപയ്ക്കു പ്രീതിപാത്രമാകുന്നുണ്ട്. ഉദാഹരണത്തിന് 1 സാമുവൽ 16,17 അദ്ധ്യായങ്ങളിൽ പിതാവിന്റെ എട്ടു മക്കളിൽ ഏറ്റവും ഇളയവനായ ദാവീദിനെ രാജാവായി അവരോധിക്കുന്നതും തുടർന്ന് ഇടയബാലനായ ദാവീദ് ദൈവത്തിലാശ്രയിച്ച് മല്ലനായ ഗോലിയാത്തിനെ വീഴ്ത്തി ഇസ്രായേലിന് വിജയം നേടികൊടുക്കുന്നതായി നമുക്ക് കാണാം.

ലോകത്തിന്റെ മുമ്പിൽ മറിയം ഒരു പക്ഷേ ശ്രദ്ധിക്കപ്പെടാതിരുന്ന ഒരു വ്യക്തിയായിരിക്കാം. പണമോ, പ്രതാപമോ ഇല്ലാതിരുന്ന ഒരു സാധാരണ കുടുംബത്തിൽ വളർന്നു വന്നവളായിരുന്നെങ്കിലും അവൾ ദൈവ തിരുമുമ്പാകെ സ്വീകൃതയായി. ലോകത്തിലേയ്ക്ക് രക്ഷ കടന്നുവരുന്നതിന് അവൾ ഇടനിലക്കാരിയായി മാറി. അതായത് നമ്മുടെ ജീവിതവും ഒരുപക്ഷേ ശ്രദ്ധിക്കപ്പെടാത്ത, മറ്റുള്ളവരാൽ പുകഴ്ത്തപ്പെടാത്ത ഒരു ജീവിതായിരിക്കാം. എങ്കിലും ദൈവത്തിന്റെ പദ്ധതികൾ ശക്തന്മാരിലും ശക്തികുറഞ്ഞവരിലും പൂർത്തിയാകേണ്ടതായിട്ടുണ്ട്. കാരണം 'മനുഷ്യൻ കാണുന്നതല്ല കർത്താവു കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു കർത്താവാകട്ടെ ഹൃദയഭാവത്തിലും (1സാമു.16)'.

ബലമില്ലാത്ത അവസ്ഥയാണെങ്കിലും മനുഷ്യൻ കൽപ്പിക്കുന്ന ശക്തിയുടെ മാനദണ്ഡങ്ങൾപൂർത്തിയാക്കപ്പെടാത്തതാണെങ്കിലും ഒരുവൻ/ഒരുവൾ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടുന്നത് ഹൃദയഭാവത്തിലാണ്.

മറിയത്തിന്റെ ഹൃദയഭാവം എന്താണ്? മറിയത്തിന്റെ ഹൃദയഭാവം എന്നത് പഴയനിയമത്തിൽ 1 സാമുവൽ 2–ാം അദ്ധ്യായത്തിൽ ഹന്നായുടെ കീർത്തനത്തിന്റെ സന്ദേശം ഉൾക്കൊണ്ടിരിക്കുന്ന മറിയത്തിന്റെ കീർത്തനത്തിലൂടെ വി. ലൂക്കോസ് വരച്ച് കാട്ടുന്നു. "അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തിപ്രകടിപ്പിച്ചു; ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു എളിയവരെ ഉയർത്തി (ലൂക്ക. 1:51–52)." ആരാലും അറിയപ്പെടാതിരുന്നതും എന്നാൽ ദൈവത്താൽ അറിയപ്പെട്ടതുമായ വ്യക്തിയായിരുന്നു മറിയം.

എങ്ങനെയാണ് ഒരു വ്യക്തിക്ക് എളിമയിൽ വളരാൻ കഴിയുന്നത്? ദൈവത്തിന്റെ വിശ്വാസത്തിൽ വളരുന്ന വ്യക്തിയ്ക്ക് എളിമയിൽ വളരാൻ സാധിക്കും. പ്രതികൂല സാഹചര്യങ്ങളിൽ പതറാതെ എളിമയോടെ നിലകൊള്ളാൻ നമ്മെ സഹായിക്കുന്നത് കർത്താവിന്റെ വാഗ്ദാനത്തിലുള്ള പ്രത്യാശയാണ്. പഴയ നിയമത്തിൽ ഹന്നായുടെ ജീവിതത്തിൽ അവളുടെ വന്ധ്യത്വവും ഭർത്താവിന്റെ അടുത്ത ഭാര്യ പെനീന്നായുടെ കുത്തുവാക്കുകളും അവളെ തളർത്തിയില്ല. പകരം അവൾ എളിമയോടെ വ്യാപരിച്ചു. അവളുടെ മനോഃവ്യഥകളിൽ ഇടറാതെ

അവൾ കർത്താവിന്റെ സന്നിധിയിൽ തന്റെ ഹൃദയം പകർന്നു കൊണ്ടിരുന്നു.(1സാമുവൽ1:15) തുടർന്നുള്ള ജീവിതത്തിൽ അവൾ സഹിക്കേണ്ടി വന്ന വേദനകൾ ശിശുവിനെയുംകൂട്ടി ഇജിപ്തിലേക്ക് പുറപ്പെട്ടത്, 12–ാം വയസ്സിൽ യേശുവിനെ ദേവാലയത്തിൽ കാണാതെപോയത്, അവിടെയെല്ലാം മറിയം എളിമയോടെ വ്യാപരിക്കുകയായിരുന്നു അവൾ ദൈവമായ കർത്താവിനെ ആരാധിക്കാൻ ദേവാലയത്തിൽ വർഷം തോറും പോയിരുന്നു.

മറിയത്തിന്റെ കാര്യത്തിൽ, മാതാപിതാക്കളെ നന്നേ ചെറുപ്പത്തിൽ തന്നെ നഷ്ടപ്പെട്ട അവൾ ജീവിതത്തിലെ യാഥാർത്ഥ്യങ്ങളെ ചെറുപ്രായത്തിലെ തന്നെ അനുഭവിക്കേണ്ടി വന്നിരിക്കാം. അതോടൊപ്പം തന്നെ വിവാഹത്തിനു മുമ്പേ തന്നെ ഗർഭിണിയുമാകുകയാണ്. കല്ലെറിഞ്ഞ് കൊല്ലാൻ വിധിക്കപ്പെടേണ്ട തെറ്റ്. പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ട മറിയം എളിമയുടെ മൂർത്തീഭാവമായി കർത്താവരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചു. ദേവാലയത്തിൽവച്ച് നിന്റെ ഉദരത്തിലൂടെ ഒരു വാൾ തുളച്ചു കയറും എന്നു ശിമയോൻ പ്രവചിച്ചിരുന്നു(ലൂക്കാ 2:35). അപ്രവചനത്തിന്റെ പൂർത്തീകരണമെന്നോണം കുരിശിന്റ ചുവട്ടിൽ മറിയം യേശുവിന്റെ വേദന ഹൃദയത്തിൽ അനുഭവിച്ചു. ആ വേദന ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമാണെന്ന് അവൾ ഉറച്ചു വിശ്വസിച്ചു.

ജീവിതത്തിൽ പ്രതിസന്ധികളിൽ എളിമയോടെ വർത്തിച്ചാൽ ദൈവം നമ്മെ ഉയർത്തും എന്ന് മറിയത്തിന്റെ ജീവിതത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു.

# ഡിസംബർ–10

# യോഹന്നാൻ മാംദാനയുടെ ജനനം

ഗലാ. 4:21–31, ലൂക്ക 1:57–66.

ബ്ര. അലക്സ് എം ഒ.ഐ.സി.

**സന്ദർഭം**

രണ്ടു പ്രധാനപ്പെട്ടകാര്യങ്ങളാണു ഇന്നത്തെ വേദഭാഗത്തിൽ പ്രധാനമായും നമുക്കു കാണുവാൻ സാധിക്കുക. ഒന്നാമതായി വി. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായം 57, 58 വാക്യങ്ങളിൽ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചു പറയുന്നു. ഇതേതുടർന്നു രണ്ടാമതായി 59 മുതൽ 66 വരെയുള്ള വാക്യങ്ങളിൽ നമുക്കു കാണുവാൻ സാധിക്കുന്നതു സ്നാപകയോഹന്നാന്റെ നാമകരണത്തെക്കുറിച്ചാണ്. ഇവിടെ ലൂക്കോസ് സുവിശേഷകൻ സ്നാപകയോഹന്നാന്റെ ജനനവും നാമകരണവും ഒരുമിച്ചു ചേർത്തുവയ്ക്കുകയാണ്. സഖറിയാപ്രവാചകനോടുള്ള ദൂതന്റെ പ്രവചനത്തിന്റെ പൂർത്തീകരണമാണു നമുക്കിവിടെ കാണുവാൻ സാധിക്കുന്നത്.

**പ്രമേയം**

ഇന്നത്തെ വേദഭാഗത്തിൽ മൂന്നു അസ്വാഭാവികകാര്യങ്ങളാണു സംഭവിക്കുന്നത്. ഒന്നാമതായി വാർദ്ധക്ക്യത്തിലെത്തിയ ദമ്പതികൾക്കു ഒരു ശിശു ജനിക്കുന്നു. രണ്ടാമതായി സഖറിയായുടെ നാവിന്റെ ബന്ധനം അഴിയുന്നു. മൂന്നാമതായി കുട്ടിക്കു പാരമ്പര്യത്തിൽ പെടാത്ത ദൈവീകമായ പേരു ലഭിക്കുന്നത്. ഈ മൂന്നു അസ്വാഭാവിക സംഭവങ്ങളാണു ഈ വേദഭാഗത്തിന്റെ പ്രമേയം.

**സന്ദേശം**

ഈ മൂന്നു അസ്വാഭാവികകാര്യങ്ങളും നമ്മുടെ വ്യക്തിപരമായ ജീവതത്തിനു ചില പാഠങ്ങൾ പകർന്നു നൽകുന്നുണ്ട്.

### 1. അസാദ്ധ്യതകളുടെ നടുവിൽ സാധ്യതകളുടെ വിരുന്നൊരുക്കുന്ന ഒരു ദൈവം.

സഖറിയാപ്രവാചകന്റെ മുമ്പിൽ ദൂതൻ പ്രത്യക്ഷപ്പെട്ടു പറയുന്നു, നിന്റെ ഭാര്യ ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. ദൂതന്റെ ഈ സന്ദേശത്തിന്റെ സന്തോഷത്തെക്കാളുപരി സഖറിയാപ്രവാചകന്റെ ഉള്ളു നിറയുന്നതു സന്ദേഹം കൊണ്ടാണ്. ആ സന്ദേഹത്തിൽ നിന്നും അവൻ ചോദിക്കുകയാണ് ഈ കാര്യങ്ങൾ എങ്ങനെ സംഭവിക്കും. ഇതേ ചോദ്യം തന്നെ ചോദിക്കുന്ന മറ്റൊരു കഥാപാത്രത്തെ സുവിശേഷത്തിൽ നാം കാണുന്നു– പരിശുദ്ധകന്യകമറിയം, അവളും ഇതേ ചോദ്യം തന്നെയാണു ചോദിക്കുന്നത്. എന്നാൽ പ. കന്യകമറിയത്തിനു മറുപടി ലഭിക്കുന്നു. മറിച്ച് ഇതേ ചോദ്യം തന്നെ ചോദിച്ച സഖറിയാപ്രവാചകന്റെ നാവു ബന്ധിക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ കാരണം എന്താണ്?

മലാക്കി പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ നാം ഇപ്രകാരം വായിക്കുന്നു. പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. കൂടാതെ യഹൂദരുടെ പാരമ്പര്യമനുസരിച്ചു ഒരു പുരോഹിതൻ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ പഠിപ്പിക്കേണ്ടവനാണ്. സർവ്വോപരി അവൻ ദൈവത്തിൽ ആഴമായി വിശ്വസിക്കേണ്ടവനാണ്. ഇങ്ങനെയുള്ള സഖറിയാപ്രവാചകൻ അവിശ്വസിച്ചതുകൊണ്ടാണു ദൈവദൂതൻ സഖറിയാപ്രവാചകന്റെ നാവിനെ ബന്ധിക്കുന്നത്.

വാർദ്ധക്ക്യത്തിലായ ആ ദമ്പതികളുടെ മുമ്പിലേക്കു, അസാധ്യതകളുടെ മദ്ധ്യത്തിൽ ദൈവം സാധ്യതകളെ തുറക്കുകയാണ്. നമ്മുടെ ജീവിതത്തിൽ ഇതുപോലെ അസാധ്യതകളുടേയും, സന്ദേഹങ്ങളുടേയും നിമിഷങ്ങൾ ഉണ്ടാകാം ആ സമയങ്ങളിൽ സാധ്യതകളെ നമ്മുടെ മുമ്പിൽ തുറക്കുന്ന ദൈവത്തിന്റെ കരങ്ങളെ തിരച്ചറിയാൻ സാധിക്കണം. സെഫാനിയാപ്രവാചകന്റെ പുസ്തകം മൂന്നാം അദ്ധ്യായം 16-ാം വാക്ക്യത്തിൽ സർവശക്തനായ ദൈവം അരുളിചെയ്യുന്നു. സീയോനെ ഭയപ്പെടേണ്ട, നിന്റെ കരങ്ങൾ ദുർബ്ബലമാകാതിരിക്കട്ടെ, നിന്റെ ദൈവമായ കർത്താവു, വിജയം നൽകുന്ന യോദ്ധാവു നിന്റെ മദ്ധ്യേയുണ്ട്. നമ്മുടെ ജീവിതത്തിലും വിജയം നൽകുന്ന ആ യോദ്ധാവിന്റെ കരങ്ങളെ നാം തിരച്ചറിയണം.

## 2. ബന്ധനങ്ങൾ അഴിക്കുന്ന ദൈവം

ലൂക്കോസിന്റെ സുവിശേഷം 20-ാം വാക്ക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു. യഥാകാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചതുകൊണ്ടു നീ മൂകനായി തീരും. ഇവ സംഭവിക്കുന്നതുവരെ സംസാരിക്കാൻ നിനക്കു സാധിക്കുകയില്ല. അങ്ങനെ സഖറിയാ യോഹന്നാന്റെ നാമകരണം വരെ മൂകനായി കഴിയുകയാണ്. അവൻ ആരോടും ഒന്നും സംസാരിക്കുന്നില്ല. ഈ "മൂകത" ഒരു പ്രതീകമാണ്. ഈ മൂകതയിലാണു, ശാന്തതയിലാണു നമുക്കു ദൈവത്തെ തിരിച്ചറിയാൻ സാധിക്കുന്നത്. അതുകൊണ്ടാണു സങ്കീർത്തകൻ ഇപ്രകാരം പറയുന്നതു ശാന്തനാവുക ഞാൻ ദൈവമാണെന്നറിയുക സങ്കീ. 46:10. നമ്മുടെ തിരക്കിട്ട ജീവിതങ്ങളിൽ, ആകുലതകൾ നിറഞ്ഞ ജീവിതങ്ങളിൽ ഇതേപോലെ ശാന്തമായ നിമിഷങ്ങൾ ആവശ്യമാണ്. ഈ ശാന്തതയിലാണു നമ്മുടെ ബന്ധനങ്ങളെ തിരച്ചറിയുവാൻ സാധിക്കുന്നത്. ദൈവസന്നിധിയിൽ തിരിച്ചറിയപ്പെടുന്ന ഇത്തരം ബന്ധനങ്ങളാണു ദൈവം അതിശക്തമായ കരം കൊണ്ടു പൊട്ടിച്ചെറിയുന്നത്. നമ്മുടെ ജീവിതത്തിലും ആകുലതകൾകൊണ്ടു, പ്രയാസങ്ങൾകൊണ്ടു പല പാപത്തിന്റെ ബന്ധനങ്ങളും വന്നിട്ടുണ്ടാകും അവയൊക്കെ തിരിച്ചറിയപ്പെടുന്നതു ദൈവത്തിന്റെ മുമ്പിലുള്ള ശാന്തമായ നിമിഷങ്ങളിലാണ്.

## 3. ദൈവിക കൽപ്പനകൾ അനുസരിക്കുന്നവരായി മാറുക.

സഖറിയായും, എലിസബത്തും ദൈവികമായ കല്പനകൾ പാലിച്ചതുകൊണ്ടാണു അവരുടെ ജീവിതത്തിൽ ദൈവികമായ ഇടപെടൽ ഉണ്ടാകുന്നത്. വാർദ്ധക്യത്തിൽ ദൈവം അവർക്കു ഒരു പുത്രനെ നൽകുകയാണ്. പതിമൂന്നാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു ദൂതൻ അവനോടു പറഞ്ഞു; സഖറിയാ ഭയപ്പെടേണ്ട നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്കു ഒരു പുത്രൻ ജനിക്കും, നീ അവനു യോഹന്നാൻ എന്നു പേരിടണം. യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം ദൈവം കരുണചെയ്തു എന്നാണ്. ദൈവം കരുണചെയ്ത, അനുഗ്രഹിക്കപ്പെട്ട മക്കൾ ഉണ്ടാകണമെങ്കിൽ നാമും ദൈവികകല്പനകൾ അനുഷ്ഠിക്കുന്നവരും, പാലിക്കുന്ന

വരാകണം. അവിടെയാണു നമ്മുടെ മക്കൾക്കും യോഹന്നാനെ പോലെ ദൈവികമായ പേരുലഭിക്കുന്നതും. അന്നത്തെ സമൂഹം യോഹന്നാനെ നോക്കി ആശ്ചര്യത്തോടെ പറഞ്ഞതുപോലെ നമ്മുടെ മക്കളെ നോക്കി ഈ ശിശു ആരായിതീരുമെന്നു ജനങ്ങൾ ചോദിക്കുകയുള്ളൂ. സ്വന്തം മക്കളെപ്പറ്റി ഈ വാക്കുകൾ മറ്റുള്ളുവരിൽനിന്നു കേൾക്കുമ്പോഴാണു ഓരോ മാതാപിതാക്കളുടെ മനവും സന്തോഷം കൊണ്ടു നിറയുന്നത്. അങ്ങനെ, യോഹന്നാൻ വളർന്നു വരുന്ന മക്കൾക്കു ഒരു മാതൃകയായും അതിലുപരി ഒരു വെല്ലുവിളിയായും നിൽക്കുകയാണ്.

## ഉപസംഹാരം

ഇന്നത്തെ വേദഭാഗം നൽകുന്ന ഈ മൂന്നു സന്ദേശങ്ങൾ നമുക്കു നമ്മുടെ നെഞ്ചോടു ചേർക്കാം. അസാധ്യതകളിൽ സാധ്യതകളുടെ വിരുന്നൊരുക്കുന്ന ദൈവത്തിന്റെ കരങ്ങളെ തിരിച്ചറിയുന്നവരാകാം. സങ്കീർത്തകൻ പറഞ്ഞതുപോലെ ശാന്തരായി ദൈവത്തെ തിരച്ചറിയുന്നവരാകാം. അങ്ങനെ ദൈവത്തിന്റെ കൽപ്പനകളെ, ചട്ടങ്ങളെ മാനിക്കുന്ന നല്ല സ്നേഹത്തിന്റെ കുടുംബങ്ങളെ നമുക്കു മെനയാം.

# ഡിസംബർ 17

# മാർ യൗസേപ്പിനുണ്ടായ ദർശനം

ഗലാ. 1:11–24, മത്തായി. 1:18–25

ബ്ര. അലൻ തോമസ് ഒ..ഐ.സി.

**പശ്ചാത്തലം**

മത്തായി സുവിശേഷകൻ ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ അവകാശിയായ ക്രിസ്തുവിനെ അവതരിപ്പിക്കുന്നു. രക്ഷാകര ചരിത്രത്തിന്റെ നാൾവഴികൾ മുഴുവനും വംശാവലിയിൽ ഉൾച്ചേർന്നിരിക്കുന്നു. ഓരോ നാമവും പറയുന്ന ചരിത്രം എത്തുന്നത് സകലർക്കും അനുഗ്രഹമാകുന്ന (ഉൽപ്പ. 12:13) രക്ഷകനിലാണ്. ദൈവമേ ഞങ്ങളോടു കൂടെയായിരിക്കണമേ എന്ന പ്രാർത്ഥനയുടെ പൂർത്തീകരണമാണ് 'ഇമ്മാനുവേൽ' (1:23,28:20). ഇപ്രകാരം മറിയത്തിന്റെ മകനായ യേശു ക്രിസ്തുവും, ദൈവത്തിന്റെ പുത്രനുമാണെന്ന അനുഭവത്തിലേക്ക് വായനക്കാരെ നയിക്കുകയാണ് ഈ ഭാഗത്തിന്റെ ലക്ഷ്യം.

**പ്രമേയം**

പ്രതീക്ഷകളുടെ, പ്രാർത്ഥനയുടെ, കാത്തിരിപ്പിന്റെ പൂർത്തീകരണം രക്ഷകന്റെ വരവിലാണ്. ദൈവത്തിന്റെ ഇടപെടൽ, കന്യകാ ജനനം, ഈശോയുടെ ഉത്ഭവം പരിശുദ്ധാത്മാ ഇടപെടലിലൂടെ എന്നീ വിശ്വാസങ്ങൾ ഈ സുവിശേഷ വിവരണത്തിൽ കാണാം.

**സന്ദേശം**

നിയമവും പരമ്പരാഗത രീതികളും മറിയത്തെ ഉപേക്ഷിക്കാൻ അനുവദിച്ചിട്ടും കാരുണ്യാത്താൽ ഞാൻ മൂലം ഒരാളും വേദനിക്കരുത്, അപമാനിക്കപ്പെടരുത് എന്ന് ആഗ്രഹിക്കുവാൻ കഴിയുക, നീതിമാനായവന് മാത്രം ചെയ്യാൻ പറ്റുന്ന കാര്യമാണ്.

തിരുസഭാ മാതാവ് നമ്മുടെ വിചിന്തനത്തിനായി തന്നിരിക്കുന്ന വേദഭാഗം വി. മത്തായി എഴുതിയ സുവിശേഷം 1–ാം അദ്ധ്യായം 18 മുതൽ 25 വരെയുള്ള തിരുവചനങ്ങളാണ്. ദൈവേഷ്ടത്തിനു തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ച ജോസഫിനെയാണ് ഇന്നത്തെ സുവിശേഷ ഭാഗത്ത് നാം കാണുന്നത്. ദൈവത്തിൽ ആശ്രയം അർപ്പിക്കുന്നതിനെക്കാൾ വലുതായി യാതൊന്നുമില്ലെന്ന് യൗസേഫ് മനസ്സിലാക്കി.അതിന്റെ വെളിച്ചത്തിൽ തന്റെ ജീവിതം തന്നെ സൃഷ്ടാവായ ദൈവത്തിനു സമർപ്പിക്കുന്നു.

ലൂക്കായുടെ സുവിശേഷത്തിൽ മറിയമാണ് ദൈവീകവെളിപാട് സ്വീകരിക്കുന്നതെങ്കിൽ മത്തായിയുടെ സുവിശേഷത്തിൽ ദൈവീക വെളിപാടിന്റെ സ്വീകർത്താവ് ജോസഫാണ്. ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് മംഗളവാർത്ത അറിയിച്ചത് മറിയത്തെയല്ല, ജോസഫിനെയാണ്. ദൈവീക പദ്ധതിയിൽ അയാൾക്ക് വലിയൊരു സ്ഥാനമുണ്ട്. മത്രമല്ല 'കർത്താവ് അരുൾച്ചെയ്തത്

പോലെ അദ്ദേഹം പ്രവർത്തിച്ചു' എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്റെ പിതാവിന്റെ ഇഷ്ടം നിറവ്വേറ്റുന്നവരാണ് എന്റെ അമ്മയും സഹോദരനും സഹോദരിയും എന്ന് യേശു പറഞ്ഞ യുഗാന്ത കുടുംബത്തിൽ പെട്ടവനാണ് ജോസഫ്.

വി. ജോസഫിന്റെ ഏറ്റവും വലിയ ദൈവീക പുണ്യമായി വി. മത്തായി സുവിശേഷകൻ വരച്ചു കാട്ടുന്നത് നീതിമാൻ എന്നാണ് (1:19). യഹൂദരുടെ വിവാഹ സമ്പ്രാദായത്തെ പറ്റി നാം ഒന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥ വിവാഹത്തിനു മുമ്പുള്ള യഹൂദരുടെ ചടങ്ങായിരുന്നു വിവാഹ സമ്മതം അഥവാ വിവാഹ ഉടമ്പടി. മത്തായി 1:18 പറയുന്നത് അതാണ്. അത് നിയമ സാധുതയുള്ള ഉഭയസമ്മതമായിരുന്നു. അത് ലംഘിക്കുന്നവർക്ക് ശിക്ഷയുമുണ്ടായിരുന്നതായി നിയമാവർത്തന പുസ്തകത്തിൽ നാം കാണുന്നു (നിയമ. 20:7, 22:23–27). റബ്ബീനിക്ക് കാലഘട്ടത്തിൽ വിവാഹപ്രായമെന്നത് ആൺകുട്ടിയ്ക്ക് 13 വയസ്സും പെൺകുട്ടിയ്ക്ക് 12 വയസ്സുമായിരുന്നു.വിവാഹ ഉടമ്പടിയും യഥാർത്ഥവിവാഹവും തമ്മിൽ വർഷങ്ങളുടെ അന്തരമുണ്ടാകാം. ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും കഴിയും. ഈ സാഹചര്യത്തിൽ വിവാഹനിശ്ചയശേഷം അസന്മാർഗ്ഗീക രീതിയിലുള്ള ഗർഭധാരണത്തിന്റെ ശിക്ഷ നിയമാവർത്തന പുസ്തകത്തിൽ വിവരിക്കുന്നതിലേയ്ക്കാണ് ജോസഫിന്റെ ചിന്ത കടന്നുപോകുന്നത്. എന്നാൽ കാർക്കശ്യമായ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനു പകരം മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാനാണ് ജോസഫ് തീരുമാനിച്ചത്. നിയമാനുസൃതമായ ശിക്ഷ വളരെ കഠിനമാണ്. മരണശിക്ഷ വരെയാകാം. നീതിമാനായ ജോസഫ് അതിനു തുനിയുന്നില്ല. പകരം ഹൃദയാലിവിന്റെയും കരുണയുടേയും പാതയാണ് അദ്ദേഹം സ്വീകരിക്കുന്നത്. ജോസഫ് നീതിമാനാകുന്നത് നിയമാനുസൃതം തനിക്ക് അവകാശമായിരുന്നത് കൂടി പരിത്യജിച്ച് കാരുണ്യവും ഔദാര്യവും കാട്ടുന്നിടത്താണ്. നാം നമ്മുടെ സഹോദരങ്ങളോട് ഉദാരത കാണിക്കുമ്പോഴും, കാരുണ്യം കാണിക്കുമ്പോഴും, മറ്റുള്ളവരെ അപമാനിക്കാതിരിക്കുമ്പോഴും (1:19) നാം നീതിമാന്മാരായി മാറുന്നു. നീതിയെന്നത് ഒരിക്കലും ഒരു മനുഷ്യന്റെയും ഔദാര്യമല്ല, മറിച്ച് അത് ഓരോ മനുഷ്യന്റെയും അവകാശമാണ്. സെക്കുലർ നീതി (secular justice) എന്നത് ഓരോ വ്യക്തിയ്ക്കും അവകാശപ്പെട്ടത് കൊടുക്കുകയെന്നതാണ്. എന്നാൽ ദൈവത്തിന്റെ നീതിയെന്നത് കരകവിഞ്ഞ് ഒഴുകുന്ന സ്നേഹമാണ്. ആ നീതിയാണ് വി. യൗസേപ്പിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുന്നത്. ദൈവത്തിന്റെ ഇച്ഛയ്ക്കു മുമ്പിൽ അടിയറവു പറയുന്ന ജോസഫ് എന്ന തച്ചൻ നീതിമാനായി മാറുന്നു. ദൈവേഷ്ടം നിറവ്വേറ്റാനുള്ള മനോഭാവമാണ് നാം വളർത്തിയെടുക്കേണ്ടത്. അങ്ങനെ ഒരു മനോഭാവം വളർത്തിയെടുക്കുമ്പോൾ നമുക്കെല്ലാവർക്കും ഒരു വെല്ലുവിളിയുണ്ട്. ഇവിടെ നമ്മുടെ മനസ്സ് ദൈവതിരുമുമ്പിൽ സംസ്കരിക്കപ്പെടുകയാണ് നാം ഒന്നുമല്ലാതായി തീരുന്നതിലൂടെ. ഇതുകൊണ്ടാണ് 'ഇനിമേൽ ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതെന്ന്' (ഗലാ. 2:20) വി. പൗലോസ് ശ്ലീഹാ പറയുന്നത്. വി. ജോസഫിനെപ്പോലെ നാം നമ്മെത്തന്നെ ഒന്നുമില്ലാത്തവരാക്കി തീർക്കുമ്പോൾ മറ്റുള്ളവർക്ക് അവരുടെ ജീവിതത്തിൽ കൊടുക്കേണ്ട നീതിയെക്കുറിച്ച് നാം സദാ ബോധവന്മാരായിരിക്കും,.

വി. ജോസഫിനെ പോലെ നാം നമ്മുടെ നീതിപൂർവ്വകമായ പ്രവൃത്തികൾ വഴി ദൈവത്തിന്റെ കാരുണ്യം പ്രതിഫലിപ്പിക്കുവാൻ നമുക്കു സാധിക്കണം. അതുവഴിയായി നാമും ദൈവത്തിന്റെ മകൻ/മകൾ എന്ന സ്ഥാനത്തേയ്ക്ക് ഉയരുകയാണ് ചെയ്യുന്നത്.

# ഡിസംബർ 24

# യൽദായ്ക്കു മുമ്പുള്ള ഞായർ

ഹെബ്രാ. 7:14–17, ലൂക്കോസ് 2:1–7

ബ്ര. ലിബിൻ മാത്യു കുര്യൻ ഒ.ഐ.സി.

**പശ്ചാത്തലം**

വി. ലൂക്കോസിന്റെ സുവിശേഷത്തിലെ യേശുവിന്റെ ബാല്യകാലവിവരണങ്ങളിൽ പ്രധാന സംഭവമായ തിരുപിറവിക്കു മുമ്പു ജോസഫ് പിതാവും പരിശുദ്ധ മറിയവും നടത്തുന്ന യാത്ര യാണു ഇന്നത്തെ പ്രതിപാദ്യ വിഷയം. അഗസ്റ്റസ് സീസറിന്റെ കാലയളവിനോടു ബന്ധിപ്പിച്ചാണ് യേശുവിന്റെ ജനനം ലൂക്കോസ് വിവരിക്കുന്നത്. "ലോകമാസകലമുള്ള ജനങ്ങളുടെ പേരെഴുതിചേർക്കപ്പെടണം".(ലൂക്ക 2:1) എന്ന അഗസ്റ്റസ് സീസറിന്റെ കൽപ്പനായാണു മിശിഹാ, ദാവീദിന്റെ പട്ടണത്തിൽ ജനിക്കണം എന്ന ദൈവനിശ്ചയത്തിന്റെ പൂർത്തീകരണത്തിനു നിമിത്തമായത്. മറിയത്തിന്റെ ഗർഭകാലത്തുതന്നെ ഈ കല്പന വരുന്നത് പ്രവാചകന്മാരിലൂടെ ദൈവം വാഗ്ദാനം ചെയ്ത പ്രവചനം(മിക്കാ. 5:1) നിറവേറ്റുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്.

**പ്രമേയം**

അഗസ്റ്റസ് സീസറിന്റെ കല്പനയോടു പ്രത്യുത്തരിച്ചുകൊണ്ടു ജോസഫും മറിയവും പേരെഴുതിക്കുവാനായി ഗലീലയിലെ പട്ടണമായ നസ്രത്തിൽ നിന്നു ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്കു പോകുന്ന യാത്രയാണു വി. ലൂക്കോസിന്റെ സുവിശേഷം 1 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്നത്.

**സന്ദേശം**

യേശുവിന്റെ ജനനപ്പെരുന്നാളിന് ഒരുക്കമായി സഭ നമ്മുടെ വിചിന്തനത്തിനായി ഈ വേദഭാഗം തന്നതിന് ഒരു പ്രത്യേക ലക്ഷ്യമുണ്ട്. അതായത്, ലോകത്തിന്റെ രക്ഷകനെ അതിലുപരി, നമ്മുടെ ഓരോരുത്തരുടെയും രക്ഷകനെ സ്വീകരിക്കാൻ നാം നമ്മെത്തന്നെ ഒരുക്കുക എന്നതാണ്. "ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖ മുളപ്പിക്കുന്ന സമയം വരുന്നു"(ജറ.23:5) എന്ന് ജറമിയാ പ്രവാചകനിലൂടെ അരുളിച്ചെയ്ത പ്രവചനത്തിന്റെ പൂർത്തീകരണമാണ് ഇവിടെ നടക്കുന്നത്. വചനിപ്പിലൂടെ ദൈവം അനുഗ്രഹിച്ച നസ്രത്തിലെ ഭവനത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട നഗരമായ ബേത്‌ലഹേമിലേക്കുള്ള യാത്രയാണ് ഇവിടെ ജോസഫും മറിയവും നടത്തുന്നത്. ഇവരുടെ ഈ യാത്ര വളരെ പ്രത്യേകതകൾ നിറഞ്ഞതായിരുന്നു.

– അതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു/ ഉദ്ദേശശുദ്ധിയുണ്ടായിരുന്നു.

– അത് പങ്കുവയ്ക്കലിന്റെ/ സഹനത്തിന്റെ യാത്രയായിരുന്നു.

## അതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു/ ഉദ്ദേശശുദ്ധിയുണ്ടായിരുന്നു

യാത്രകൾക്കെല്ലാം ഒരു ലക്ഷ്യമുണ്ട്. ഓരോ യാത്രയേയും വ്യത്യസ്തമാക്കുന്നത് അതിന്റെ പിന്നിലെ ഉദ്ദേശശുദ്ധിയാണ്. സാധാരണ രീതിയിൽ ചിന്തിച്ചാൽ ജോസഫിന് ഈ യാത്ര ഒഴിവാക്കാൻ തക്കതായ കാരണങ്ങൾ ഉണ്ടായിരുന്നു. എങ്കിലും, ഈ യാത്രയ്ക്ക് ഇറങ്ങിപ്പുറപ്പെടുമ്പോൾ അതിന്റെ പിന്നിലെ ചേതോവികാരം നിയമങ്ങൾ അനുസരിക്കുന്ന ഒരു സാധാരണക്കാരന്റെ മാത്രമാണ്. അതാണല്ലോ, ബൈബിളും നീതിമാൻ എന്ന വാക്കിൽ അദ്ദേഹത്തെ ചിത്രീകരിക്കുന്നത്. ലോകത്തിലെ സർവ്വജനങ്ങളും ഒരു യാത്രയിലാണ്. അവരവരുടേതായ ലക്ഷ്യങ്ങളിലേക്കുള്ള യാത്ര. ഒരു ക്രൈസ്തവന്റെ യാത്രയെ മറ്റുള്ളവരുടെ യാത്രകളിൽ നിന്നു വ്യത്യസ്തമാക്കുന്നത് അതിന്റെ പ്രത്യേകമായ ലക്ഷ്യവും ഉദ്ദേശശുദ്ധിയുമാണ്. ഈ ലക്ഷ്യം സ്വർഗ്ഗീയ ജറുസലേമും, ഉദ്ദേശശുദ്ധി സ്വർഗ്ഗത്തിലുള്ള പേരെഴുതിക്കലുമാണ്. യാത്ര മാറ്റിവയ്ക്കാൻ പല പോം വഴികൾ ഉണ്ടായിരുന്നൂവെങ്കിലും ജോസഫ് യാത്രതുടരാൻ നിശ്ചയിക്കുന്നു. എന്നാൽ, ഇന്നു നമ്മുടെ ലക്ഷ്യ പ്രാപ്തിക്കു ഭംഗം വരുത്തുന്ന തടസങ്ങൾ വളരെയാണ്. ദൈവികനിയമങ്ങളെ ശിരസ്സാവഹിക്കുമ്പോൾ മാത്രമേ നമ്മുടെ ലക്ഷ്യങ്ങൾക്കു തടസം നിൽക്കുന്ന വയെ പിഴുതെറിയുവാൻ നമുക്കു സാധിക്കുകയുള്ളൂ.

## അത് പങ്കുവയ്ക്കലിന്റെ/ സഹനത്തിന്റെ യാത്രയായിരുന്നു

ഉപേക്ഷകളോടെ നടത്തേണ്ട ഈ യാത്രകൾക്കു കൂട്ടായിട്ടുള്ളതു പങ്കുവയ്ക്കലും സഹനങ്ങളും മാത്രമാണ്. ജോസഫ് പൂർണ്ണ ഗർഭിണിയായ മറിയത്തെ തന്റെ യാത്രയിലെ സഹയാത്രികയായി കൂടെ കൂട്ടുന്നത് ഒറ്റയ്ക്ക് ഒരു യാത്ര നടത്തുവാനുള്ള ധൈര്യക്കുറവു കൊണ്ടൊന്നുമല്ലല്ലോ. സ്ത്രീ പുരുഷന്റെ സാമീപ്യം ഏറെ ആഗ്രഹിക്കുന്നു എന്ന മനശാസ്ത്രം അറിഞ്ഞിട്ടെന്നവണ്ണം ഈ നീണ്ട യാത്രയിൽ ജോസഫ് ഗർഭിണിയായ മറിയത്തേയും കൂട്ടുന്നു. അതിനാലാണ് ഇതിനെ പങ്കുവയ്ക്കലിന്റെ യാത്രയെന്ന് നാം വിശേഷിപ്പിക്കുന്നത്. ഈ യാത്രയിലെ എല്ലാ പ്രതിബന്ധങ്ങളിലും പരസ്പരം കൂടെയായിരിക്കുവാൻ അവർക്കു സാധിച്ചത്, പങ്കുവയ്ക്കലിന്റെ

ശക്തിയിൽ നിന്നാണ്. ഇന്നത്തെ ലോകത്തിൽ പങ്കുവയ്ക്കലുകൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഈ പങ്കുവയ്ക്കലുകകൾ നഷ്ടപ്പെടുന്നതുമൂലം ബന്ധങ്ങൾ ഒക്കെയും ബന്ധനങ്ങൾ ആകുന്നു, ജീവിതങ്ങളൊക്കെയും ഒറ്റപ്പെട്ട തുരുത്തുകളാകുന്നു. നമ്മുടെ സമൂഹജീവിതത്തിലും കുടുംബജീവിതത്തിലും സഹനങ്ങളിൽ കൂടി കടന്നു പോകുന്നവരെ ഒറ്റയ്ക്കു യാത്ര ചെയ്യുവാൻ അനുവദിക്കാതെ അവരുടെ കൂടെ ആയിരക്കുവാനുള്ള ഒരു നിയോഗവും നമുക്കുണ്ട്.

## സഹനം സന്തോഷത്തിന്റെ പങ്കുവയ്ക്കൽ

ചില സഹനങ്ങൾ ഒരുനാൾ നമ്മെ മുറിപ്പെടുത്തിയെങ്കിൽ ദിനങ്ങൾ കഴിയുമ്പോൾ ആ മുറിവുകൾ എത്രയോ സന്തോഷത്തിന്റെ അനുഭവങ്ങളാണ് നമുക്കു നല്കുക. ജോസഫിന്റെയും മറിയത്തിന്റെയും ഈ സഹന യാത്ര ചെന്നുനില്ക്കുന്നത് പുൽക്കൂട്ടിലും പുല്ക്കൂട്ടിൽ പിറന്ന ക്രിസ്തുവിലുമാണ്. പുൽക്കുട്ടിൽ പിറന്ന രക്ഷകനാണല്ലോ ജോസഫിന്റെയും മറിയത്തിന്റെയും യാത്രയേക്കാളുപരി നമ്മുടെ ഉള്ളിൽ പച്ചപിടിച്ചുനിൽക്കുന്നത്. രക്ഷകനു ജന്മം നല്കുന്നതിനു

മുമ്പ് ജോസഫും മറിയവും അവരുടെ സഹനങ്ങളിൽ പരസ്പരം തുണയായിരുന്നതുപോലെ നമുക്കും നമ്മുടെ സഹനങ്ങളിൽ അന്യോന്യം തുണയായിരിക്കാം.

**ഉപസംഹാരം**

സ്വർഗ്ഗീയ ജറുസലേമിൽ പേരെഴുതിക്കുവാനുള്ള യാത്രയിൽ സഹനങ്ങൾ ഏറ്റെടുക്കുവാനും മറ്റുള്ളവരുടെ സഹനങ്ങളിൽ അവരോടു കൂടെയായിരിക്കുവാനും നമുക്കു സാധിക്കുമ്പോൾ നാം എത്തിച്ചേരുന്നത് പുൽക്കൂട്ടിലും രക്ഷയുടെ പ്രതീകമായ ക്രിസ്തുവിലുമാണ്. ജനനത്തിരുന്നാളിനു വേണ്ടി ഒരുങ്ങുന്ന ഈ നാളുകളിൽ ഇത്തരം ഒരു യാത്ര നടത്തുവാനും അങ്ങനെ പുൽക്കൂട്ടിൽ എത്തിച്ചേരുവാനും നമുക്കു സാധിക്കട്ടെ.

# ഡിസംബർ 25

# യൽദാപ്പെരുന്നാൾ (ക്രിസ്തുമസ്)

തിത്തോ. 2:11–15, മത്തായി 2:1–12

ഡീ. മെൽവിൻ മാത്യു ഒ.ഐ.സി.

## പശ്ചാത്തലം

ക്രിസ്തുവിനെ പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണു വി. മത്തായി ശ്ലീഹാ അവതരിപ്പിക്കുന്നത്. ഈ വസ്തുത പലതരത്തിലായി സുവിശേഷത്തിൽ നാം കാണുന്നു. ഉദാ: അവൻ ദാവീദിന്റെ വംശത്തിൽ നിന്നും ജനിച്ചു(1:1,6;17;20) അതിനാൽ അവൻ ദാവീദിന്റെ പുത്രൻ എന്നു വിളിക്കപ്പെടുന്നു (9:27,12;23, 15:22, 21:9). സുവിശേഷകൻ ക്രിസ്തുവിനെ രാജകീയ മിശിഹായായിട്ടാണു അവതരിപ്പിച്ചിരിക്കുന്നത്. അതിനാലാണു ജ്ഞാനികളുടെ സന്ദർശനസമയത്തു അവർ യഹൂദരുടെ രാജാവ് എവിടെയാണു ജനിച്ചിരിക്കുന്നതു എന്ന് അന്വേഷിച്ചത്.

## പ്രമേയം

രക്ഷകന്റെ ജനനത്തെപ്പറ്റി വിവിധ വ്യക്തികൾക്കു ദർശനങ്ങളും വെളിപാടുകളും ലഭിക്കുന്നു. അതിനോടുള്ള അവരുടെ പ്രതികരണങ്ങളും വ്യത്യസ്തമാണ്. ഈ പ്രതികരണങ്ങളിൽ നിന്നു തന്നെ രക്ഷകന്റെ ജനനത്തിന്റെ സവിശേഷത സുവിശേഷകൻ വെളിവാക്കിത്തരുന്നു.

## വിചിന്തനം

യേശുവിന്റെ ജനനതിരുന്നാളിന്റെ ആത്യന്തികമായ ലക്ഷ്യം രക്ഷകനെ കണ്ടെത്തുകയെന്നുള്ളതാണ്. എന്നാൽ രക്ഷകന്റെ ജനനത്തിനായി ഏദനിലെ വാഗ്ദാനത്തിൽ തുടങ്ങി കാത്തിരിക്കുന്ന ഒരു ജനസമൂഹം; പക്ഷേ, മിശിഹായുടെ ജനനം സംഭവിച്ചു കഴിഞ്ഞപ്പോൾ അവരുടെ പ്രതികരണം വ്യത്യസ്തമാകുന്നതായി നാം സുവിശേഷത്തിൽ കാണുന്നു. അവൻ സ്വജനത്തിന്റെ അടുത്തേയ്ക്കുവന്നു, എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. (യോഹ. 1:11). ക്രിസ്തുവിന്റെ ജനനം തന്നെ വിവാദവിഷയമായിട്ടാണു സുവിശേഷകൻ അവതരിപ്പിക്കുന്നത്. അതായതു– രാജാവു പുൽത്തൊട്ടിയിൽ പിറക്കുക, ശിശുവധം, ജനനവാർത്തയോടുള്ള വിവിധ പ്രതികരണങ്ങൾ അതിനുദാഹരണമാണ്. ഇന്നത്തെ വിചിന്തനത്തിനു വിഷയമാക്കുന്നതു രക്ഷകന്റെ ജനനം വിവിധ വ്യക്തികളിലുളവാക്കുന്ന പ്രതികരണങ്ങളാണ്.

### 1. അസ്വസ്ഥനായ ഹേറോദേസ്

ഇതു കേട്ടു ഹേറോദേസ് രാജാവു അസ്വസ്ഥനായ അവനോടൊപ്പം ജറുസലേം മുഴുവനും(2:3). സ്വാഭാവികമായി ചിന്തിക്കുകയാണെങ്കിൽ ഒരു ശിശുവിന്റെ ജനനവാർത്തകേട്ടു ഹേറോദേസ് അസ്വസ്ഥനാകേണ്ട കാര്യമില്ല  എന്നാൽ, യഹൂദരുടെ രാജാവു എന്ന പ്രയോഗം ഹേറോദേസിനേയും ജറുസലേം മുഴുവനേയും അസ്വസ്ഥരാക്കിയതായി ഇവിടെ സുവിശേഷകൻ  രേഖപ്പെടു

ത്തുന്നു. കാരണം ഹേറോദേസിനു തന്റെ അധികാരം നഷ്ടമാകുമോയെന്നും, തനിക്കു ബദലായി ഒരു രാജാവുകൂടിയോ എന്ന ചിന്ത അവനെ അസ്വസ്ഥനാക്കി.

നമ്മുടെ ജീവിതത്തിലും ചിലപ്പോൾ ഇതേ പ്രതികരണം ഉണ്ടാകാറുണ്ട്. കാരണം നാം പല രീതിയിൽ അധികാരം കയ്യാളുന്നവരാണ്. മാതാപിതാക്കൾ മക്കളുടെ മേൽ, ഭർത്താവു ഭാര്യയുടെ മേൽ, അധികാരികൾ അധീനരുടെ മേൽ അധികാരം പലപ്പോഴും നമ്മെ അസ്വസ്ഥരാക്കാറുണ്ട്. കാരണം പലതും നഷ്ടപ്പെടുമെന്ന പേടി. ക്രിസ്തുവിനെ കണ്ടെത്തണമെങ്കിൽ നാം പലതും നഷ്ട മാക്കേണ്ടി വരും. നഷ്ടപ്പെടുത്തുന്നവർ വേദനിക്കേണ്ടി വരും. ജനനത്തിരുന്നാൾ നഷ്ടപ്പെടുത്ത ലിന്റെ കഥയാണു നമ്മോടു പറയുന്നത്. കുഞ്ഞുങ്ങളെ നഷ്ടപ്പെട്ട അമ്മമാരുടെ കഥ, ജീവിതസൗ ഭാഗ്യങ്ങൾ നഷ്ടപ്പെട്ട കന്യകമാരുടെ കഥ, സ്വയം ശൂന്യമാക്കിയ ഒരു ദൈവത്തിന്റെ കഥ....

## 2. നിസംഗൻമാരായ പുരോഹിതരും, നിയമജ്ഞരും

യേശുവിന്റെ ജനനവാർത്ത ശരിയാണോ എന്നറിയാൻ ഹേറോദേസ് പ്രധാനപുരോഹിത രേയും ജനത്തിനിടയിലെ നിയമജ്ഞരേയും വിളിച്ചുകൂട്ടി (2:4). ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ; രക്ഷകന്റെ ജനനം ബേത്‌ലഹേമിലായിരിക്കുമെന്നു നിയമജ്ഞർക്കറിയാം (2:5). ഈ വാർത്തകേട്ടു ജ്ഞാനികൾ പുറപ്പെടുന്നെങ്കിലും പ്രാധാനപുരോഹിതരും നിയമജ്ഞരും നിഷ്ക്രിയരായിരിക്കുന്ന തായി നാം കാണുന്നു. യഹൂദജനം പ്രതീക്ഷിക്കുന്ന മിശിഹാ വന്നൂ എന്നറിഞ്ഞിട്ടും നിസംഗൻമാ രായ നിയമജ്ഞരെയും പുരോഹിതരെയും നാം ഇവിടെ കണ്ടുമുട്ടുന്നു. അറിവുണ്ടെങ്കിലും അജ്ഞത നടിക്കുന്നവർ... അവരെ സംബന്ധിച്ചിടത്തോളം രക്ഷകൻ വെറും അറിവായി മാത്രം നിൽക്കുന്നു.

നാം ഓരോരുത്തരും ഈ അവസ്ഥയിൽ നിന്നും വിഭിന്നരല്ല.  രക്ഷയെപ്പറ്റിയും ജീവിതത്തെ പ്പറ്റിയും ധാർമ്മികമൂല്യങ്ങളെപ്പറ്റിയും, നീതിയെപ്പറ്റിയും നാം അറിവുള്ളവരാണ്. പക്ഷേ, അറിവു വെറും അറിവിന്റെ തലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. നമ്മുടെ അറിവിനെ പ്രായോഗികതയി ലേക്കു കൊണ്ടുവരാൻ നാം മെനക്കെടാറില്ല. ഇതിനായി പരിശ്രമിക്കുന്നവർക്കു മാത്രമേ ക്രിസ്തു വിനെ കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

## 3. ആരാധിക്കുന്ന ജ്ഞാനിസമൂഹം

വെറുമൊരു സൂചനകിട്ടിയപ്പോൾ നക്ഷത്രത്തെ പിൻതുടർന്നുവന്ന രാജാക്കന്മാർ പാരമ്പര്യമ നുസരിച്ചു മൂന്നു പേരെന്നാണു വിശ്വാസം അതുപോലെ ഇവർ സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നവരാ ണെന്നും പറയപ്പെടുന്നു. ഇവർ നക്ഷത്രത്തെ വഴികാട്ടിയായി സ്വീകരിച്ചു രക്ഷകനെ കാണാനെത്തി. ആദ്യമായി ബേത്‌ലഹേമിൽ ജനിച്ച ശിശു അത്ഭുതശിശുവാണെന്നു തിരിച്ചറിഞ്ഞതും ഈ ജ്ഞാനി കളാണ്. ക്രിസ്തുവിനെ കണ്ടെത്തിയതും ഇവർ തന്നെ. എന്നാൽ വി. ലൂക്കായുടെ സുവിശേഷ ത്തിൽ ജ്ഞാനികൾക്കുപകരം ആട്ടിടയരെയാണു അവതരിപ്പിക്കുന്നത് (ലൂക്ക 2:8). ഇവിടെ നക്ഷത്ര മെങ്കിൽ ലൂക്കായുടെ സുവിശേഷത്തിൽ മാലാഖയാണു വഴികാട്ടി.

വി. മത്തായി ജ്ഞാനികൾ യേശുവിനെ കാണാനെത്തിയെന്നും, അവർ രാജാക്കന്മാരായിരു ന്നുവെന്നു പാരമ്പര്യവും പറയുമ്പോൾ നാം മനസിലാക്കുക അറിവിനെ പ്രായോഗികതലത്തിൽ യഥാർത്ഥമായി ഉപയോഗിച്ച ജ്ഞാനികൾ; അധികാരത്തെ ത്യജിച്ചു ശിശുവിനെ ആരാധിക്കാൻവന്ന

രാജാക്കന്മാർ (2:11). അറിവിന്റെ നിസംഗത്വമോ, അധികാരത്തിന്റെ ഗർവ്വോ ഇല്ലാത്ത ഇവരാണു യേശുവിനെ കണ്ടെത്തിയത്. വെറും സാധാരണജീവിതം നയിക്കുന്ന ആട്ടിടയർക്കാണു അവനെ ആരാധിക്കാൻ ഭാഗ്യം സിദ്ധിച്ചത്. ചുരുക്കത്തിൽ ക്രിസ്തുവിനെ കണ്ടെത്തണമെങ്കിൽ ഒന്നുകിൽ ജ്ഞാനിയാകണം അല്ലെങ്കിൽ ഇടയനാകണം. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും (മത്താ. 5:8).

## ഉപസംഹാരം

നഷ്ടപ്പെടുത്തലിന്റെ കഥയാണു ഓരോ ജനനത്തിരുന്നാളും നമുക്കു പറഞ്ഞു തരിക. സ്വർഗ്ഗം നഷ്ടപ്പെടുത്തിയ ഒരു ദൈവത്തിന്റെ കഥ, പുത്രനെ ഈ ലോകത്തോടുള്ള സ്നേഹം വഴി ബലികുഞ്ഞാടായി നല്കിയ പിതാവിന്റെ കഥ ആയതിനാൽ നമുക്കുള്ളതെല്ലാം നഷ്ടപ്പെടുത്തി രക്ഷ എന്ന വലിയ നിധിയെ കണ്ടെത്താം. അറിവിനെ പ്രായോഗികതയിലേക്കു കൊണ്ടുവന്നു കാലത്തിന്റെ അടയാളങ്ങൾ വായിച്ചറിയുന്ന യഥാർത്ഥ ജ്ഞാനികളാകാം നമുക്ക്. നഷ്ടപ്പെടുത്തുമ്പോൾ നാം ഇടയരും (യോഹ. 10), അടയാളങ്ങൾ വിവേചിച്ചറിയുമ്പോൾ നാം ജ്ഞാനികളുമാകും. അങ്ങനെ ക്രിസ്തുവിനെ കണ്ടെത്താൻ നമുക്കു കഴിയട്ടെ. രാജാക്കന്മാർ അവരുടെ സമ്മാനങ്ങൾ നൽകിയതുപോലെ നമ്മെ തന്നെ പുൽക്കൂട്ടിൽ സമർപ്പിക്കുവാൻ നമുക്കു കഴിയട്ടെ.

# ഡിസംബർ 31

# യൽദായ്ക്കു ശേഷം ഒന്നാം ഞായർ

ഹെബ്രാ. 3:1–6, ലൂക്കാ 2:41–52

ബ്ര. ജെയ്സൺ സൈമൺ ഒ.ഐ.സി.

## നഷ്ടപ്പടലിന്റെ നേട്ടങ്ങൾ

**പശ്ചാത്തലം**

ഒരു യഹൂദ കുടുംബത്തിൽ ജനിച്ച ചരിത്ര പുരുഷനായ യേശു താൻ നിർവ്വഹിക്കേണ്ട മതാത്മക കർമ്മങ്ങൾ അനുഷ്ടിക്കാൻ ദേവാലയത്തിൽ ആയിരിക്കുന്നതും, കാണാതെപോയ ബാലനായ യേശുവിനെ ദൈവാലയത്തിൽ തന്നെ കണ്ടെത്തുന്നതുമാണ് പശ്ചാത്തലം. ലൂക്കാ സുവിശേഷകൻ ചിത്രീകരിക്കുന്ന യേശുവിന്റെ പരസ്യ ജീവിതത്തിന്റെ ആമുഖമായി 52–ാം വാക്യം പ്രാധാന്യം അർഹിക്കുന്ന ഒന്നായി നിലകൊള്ളുന്നു. യേശുവിന്റെ രഹസ്യ ജീവിതത്തെ പറ്റി അഭ്യൂഹങ്ങൾ അന്ന് സമൂഹത്തിൽ നിലനിന്നിരുന്നു. മാന്ത്രികൻ, അതീന്ദ്രീയ ജ്ഞാനം സമ്പാദിച്ചവൻ, അമാനുഷിക ഭാവങ്ങൾ നിറഞ്ഞ വ്യക്തിയായി യേശുവിനെ അന്നത്തെ സമൂഹത്തിൽ കരുതിയിരുന്നവർ ധാരാളമുണ്ട്. എന്നാൽ യേശുവിന്റെ ജീവിതവും വളർച്ചയും ദൈവ കൃപയിലും മനുഷ്യബന്ധത്തിലും അടിയുറച്ചതായിരുന്നു എന്ന് നമുക്ക് ഈ വാക്യത്തിൽ നിന്നു മനസ്സിലാക്കാം. ഇപ്രകാരം യേശുവിന്റെ ബാല്യകാല ചരിതത്തിന്റെ അവസാന ഭാഗമായി ഈ സംഭവം നിലകൊള്ളുന്നു എന്നത് ഇതിന്റെ ദൈവ ശാസ്ത്രപരമായ സാധുത നൽകുന്നു.

**പ്രമേയം**

12 വയസ്സ് എന്നത് നിയമങ്ങൾ ആചരിക്കാൻ പക്വതയുള്ള പ്രായമായി യഹൂദർ പൊതുവേ കരുതിയിരുന്നു. അതിനാൽ ഈ പെസഹാ ആചരണം പ്രത്യേകം ശ്രദ്ധ ആവശ്യപ്പെടുന്ന ഒന്നായി മാറുന്നു.ഈ വിവരണം മതനിയമങ്ങളോടുള്ള യേശുവിന്റെ ബഹുമാനം തുറന്നു കാട്ടുകയും ചെയ്യുന്നു. പെസഹാ നാളിനുപോയ യേശു നാഥൻ തന്നിലൂടെ പൂർത്തിയാകാൻ പോകുന്ന കടന്നു പോകലിനെക്കുറിച്ചായിരിക്കാം ജ്ഞാനികളോട് സംസാരിച്ചത്.

ലൂക്കായുടെ വിവരണം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദേവാലയത്തെക്കുറിച്ചുള്ള പരാമർശത്തോടെയാണ്. ദേവാലയം എന്നത് വിളിക്കപ്പെട്ടവരുടെ കൂട്ടായ്മയുടെ ഇടവും, യഹോവയ്ക്ക് ബലികൾ അർപ്പിക്കുന്ന ഇടവുമാണ്. സുവിശേഷം ആരംഭിക്കുന്നത് ദേവാലയത്തിൽ ശുശ്രൂഷയിൽ കഴിയുന്ന സഖറിയായോടുള്ള അറിയിപ്പോടുകൂടിയാണ്. സുവിശേഷം അവസാനിക്കുന്നതാകട്ടെ പരിശുദ്ധാരൂപിയെ പ്രതീക്ഷിച്ച് പ്രാർത്ഥനാനിരതരായിരിക്കുന്ന ശിഷ്യഗണത്തോടുള്ള ആഹ്വാനത്തോടു കൂടെയുമാണ്. ഇപ്രകാരം ദേവാലയം എന്ന ശക്തമായ പ്രമേയം ഇവിടെ ദർശിക്കാൻ കഴിയും.

തന്റെ മാതാപിതാക്കളോടുള്ള ഉത്തരങ്ങളിലൂടെ തന്റെ യഥാർത്ഥ ബന്ധം സ്വർഗ്ഗീയ പിതാവുമായുള്ളതാണെന്നു പറയുന്നുവെങ്കിൽതന്നെയും ലോക ബന്ധത്തിന്റെ ഉദാത്ത മാതൃകയും യേശുവിൽ സമന്വയിക്കുന്നുണ്ട്. യേശുവിന്റെ വളർച്ചയെ സ്വാധീനിച്ച രണ്ടു ഘടകങ്ങൾ ഇതിൽ നിന്നു വ്യക്തമാകും. 1. ദൈവീക കൃപയും 2. മനുഷ്യരോടൊപ്പമുള്ള നല്ല ബന്ധങ്ങളും.

**സന്ദേശം**

ആനുകാലിക ലോകം പിടിച്ചടക്കലിന്റെയും സ്വന്തമാക്കലിന്റെയും ചിത്രം പലപ്പോഴും കാട്ടിത്തരാറുണ്ട്. പലപ്പോഴും അത് സ്വാർത്ഥതയുടെ വക്കിൽ എത്താറുണ്ട്. മക്കളെക്കുറിച്ച് മാതാപിതാക്കൾക്ക് ഉണ്ടാകുന്ന വേദനകൾ വളരെയാണ്.

**1. നഷ്ടപ്പെടുക; ഒരു യാഥാർത്ഥ്യം**

ഇന്ന് സമൂഹത്തിൽ മക്കൾ നഷ്ടപ്പെടുന്നു. നഷ്ടപ്പെടുക എന്നു പറഞ്ഞാൽ ശാരീരികമായും, ആത്മീകവുമായ അർത്ഥതലങ്ങൾ ഇതിനുണ്ട്. കുടുംബത്തിലെ പുരോഹിതർ എന്ന നിലയിൽ മാതാപിതാക്കൾ തങ്ങളെ ഏൽപ്പിച്ച ദൗത്യം എപ്രകാരമാണ് നിറവേറ്റുന്നത്? കുഞ്ഞ് അമ്മയോടൊപ്പം ഉണ്ടെന്ന് അപ്പനും, കുഞ്ഞ് അപ്പനൊടോപ്പം ഉണ്ടെന്ന് അമ്മയും കരുതുമ്പോൾ കുഞ്ഞുങ്ങൾ വിരലുകൾക്കിടയിലൂടെ ആൾക്കൂട്ടത്തിൽ പോയ് മറയുന്നു. ശരിയായ മാതൃപിതൃ ദൗത്യം നിറവ്വേറ്റാതെ പരസ്പരം കുറ്റം ചാരുന്നവർ ഇന്ന് സമൂഹത്തിൽ വളരുന്നു.

യേശുവിന്റെ മാതാപിതാക്കൾക്കും യേശുവിനെ നഷ്ടപ്പെടുന്നുണ്ട്. യഹൂദരുടെ പെരുന്നാൾ യാത്രാരീതി മനസ്സിലാക്കിയാൽ യേശുവിന്റെ അസാന്നിധ്യം ശ്രദ്ധിക്കപ്പെടാൻ വന്ന താമസം മനസ്സിലാക്കാവുന്നതേയുള്ളു. കുട്ടികൾ പകൽ സമയത്തെ ഭക്ഷണം അവരുടെ സ്വന്തം ഭാണ്ഡത്തിൽ സൂക്ഷിക്കുകയും കൂട്ടമായി യാത്ര ചെയ്യുകയും ചെയ്യും. വൈകുന്നേരം മാത്രമേ അവർ മാതാപിതാക്കളുടെ അടുത്തെത്താൻ പ്രതീക്ഷിക്കപ്പെട്ടിരുന്നുള്ളു.

**2. നഷ്ടപ്പെടുക; ഒരു തിരിച്ചറിയൽ**

മുകളിൽ വിവരിച്ച രണ്ട് സന്ദർഭങ്ങളിലും മാതാപിതാക്കൾക്ക് മക്കളെ നഷ്ടപ്പെടുന്നു. എന്നാൽ ഇവിടെ യേശുവിന്റെ കാര്യത്തിൽ ഒരു വ്യത്യാസമുണ്ട്. മാതാപിതാക്കൾ പരസ്പരം കലഹിക്കാതെ അവർ ഒരുമിച്ച് കുഞ്ഞിനെ തേടി യാത്ര തിരിക്കുന്നു.അതും ദൈവാലയത്തിലേയ്ക്ക്. നഷ്ടപ്പെട്ടുവെന്ന തിരിച്ചറിവ് ഈ മാതാപിതാക്കൾക്കുണ്ടായി. എന്നാൽ ഇന്ന് എത്ര കുടുംബങ്ങളിൽ ഈ തിരിച്ചറിവ് നേടിയിട്ടുണ്ട്. ആധുനികതയുടെ ഇക്കാലത്ത് നഷ്ടങ്ങളെ വലിയ വിലകൊടുത്ത് കാണുന്നുണ്ട് നമ്മളിൽ പലരും. വലിയ കമ്പനികൾ അവരുടെ നഷ്ടങ്ങൾക്ക് വലിയ വില കൊടുക്കേണ്ടി വരുന്നതായി നാം കാണുന്നുണ്ട്. ലാഭ നഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പ്രസ്ഥാനത്തെ അല്ലെങ്കിൽ കമ്പനിയെയോ വിലയിരുത്തി, അതിന്റെ വളർച്ചയുടെയോ, തകർച്ചയുടെയോ തോത് കണക്കാക്കുന്ന ഇന്ന് എന്തുകൊണ്ട് നമ്മുടെ മക്കളുടെ ആത്മീയ ലാഭനഷ്ടക്കണക്ക് എടുക്കാൻ സാധിക്കുന്നില്ല?

മതാത്മക ജീവിതം മാറ്റിവച്ച് മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഭാവനാത്മക ലോകത്തിലെ രാജകുമാരി-രാജകുമാരന്മാരായി ജീവിക്കുന്നവർ നഷ്ടപ്പെടലുകളുടെ യഥാർത്ഥ്യത്തെ

തിരിച്ചറിയാൻ പലപ്പോഴും സാധിക്കുന്നില്ല. ശാരീരികമായി അവരടുത്ത് ആണെങ്കിലും മാനസികമായി അവർ പലപ്പോഴും ആൾക്കൂട്ടത്തിൽ തനിയെയാണ്. ആൾക്കൂട്ടത്തിന്റെ ആരവങ്ങൾക്കിടയിൽ മനസാക്ഷിയുടെ ശബ്ദം തിരിച്ചറിയാൻ അവർക്ക് കഴിയാതെ പോകുന്നു. ആധുനികതയുടെ പ്രസരണം inter-intra personal relationനിൽ നിന്നും മാറി ഓൺലൈനിന്റെ പുതിയ അസ്ഥിത്വവും ബന്ധങ്ങളും സൃഷ്ടിച്ചിരിക്കുന്നു. ജൈവീകമായ ബന്ധങ്ങളുടെ നഷ്ടം, മാനസ്സിക ലൈംഗീക ആരോഗ്യ മേഖലകളിൽ ഒരുവനുണ്ടായ നഷ്ടം എന്നിവ ഇന്നത്തെ ഈ പര്യസ്ഥിതിയിൽ നാം കാണാതെ പോകുന്നു. സുവിശേഷം ഭാഗം നമുക്കു രണ്ടു തരത്തിലുള്ള മനോഭാവങ്ങളെ കാണിച്ചു തരുന്നു.

ഒന്ന്, മകൻ നഷ്ടപ്പെട്ടുവെങ്കിലും അവരത് തിരിച്ചറിഞ്ഞ്, പരസ്പരം മനസ്സിലാക്കി, കുറ്റപ്പെടുത്തലുകളുടെ ശരങ്ങൾ തൊടുക്കാതെ സ്നേഹത്തിൽ നിന്നും ഉളവാകുന്ന ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അവർ യാത്ര തിരിക്കുന്നു. ആദിമാതാപിതാക്കൾക്ക് ഏദനിൽ നഷ്ടം സംഭവിക്കുന്നുണ്ട്. അവർക്കുണ്ടായിരുന്ന നിഷ്കളങ്കത പ്രലോഭകൻ വഴി നഷ്ടപ്പെട്ടു. അവർ പരസ്പരം കലഹിക്കുന്നു. ആദം പറയുന്നു എനിക്ക് തുണയായവൾ തന്നു. ഹവ്വ പറഞ്ഞു സർപ്പം എന്നെ ചതിച്ചു. എന്നാൽ യേശുവിന്റെ മാതാപിതാക്കൾ പരസ്പരം കുറ്റം ആരോപിച്ച് തങ്ങളുടെ ഭാഗം ശരിയാക്കാൻ അവർ പരിശ്രമിക്കുന്നില്ല.

രണ്ട്, മകന് നൽകിയ ആ ജീവിത ലക്ഷ്യത്തിൽ യേശുവിന്റെ മാതാപിതാക്കൾക്ക് ബോധ്യമുണ്ടായിരുന്നു. അവൻ ദൈവീക സന്നിധിയിൽ കാണുമെന്നും ആൾക്കൂട്ടത്തിന്റെ നടുവിലേയ്ക്ക് നടന്ന് അകലുകയില്ലയെന്നും അവർക്ക് പൂർണ്ണ ബോധ്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് എത്ര മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളെ നഷ്ടമായാൽ ദേവാലയത്തിൽ തേടാൻ കഴിയും? മക്കളുടെ ജീവിത നിയോഗം തേടുന്നതിലും അതിനെ ക്രമീകരിക്കുന്നതിലും, കേന്ദ്രീകരിക്കുന്നതിലും, അതിൽ സഹായിക്കുന്നതിലും മാതാപിതാക്കൾക്ക് മുഖ്യമായ സ്ഥാനമുണ്ട്.

നഷ്ടങ്ങൾ വേദനയുളവാക്കുന്നതാണ്, എന്നാൽ സമൂഹമായി ഇടവക തലത്തിൽ ഈ നഷ്ടത്തെ തടഞ്ഞു നിർത്താൻ നമുക്കു സാധിക്കും.

### 3. സംഭാഷണം: ജീവിതത്തിന് അർത്ഥം നൽകുന്നതായിരിക്കണം.

സംഭാഷണത്തെ പൊതുവായി ആശയങ്ങൾ കൈമാറുന്നതിലും പൊതുവായ ഒരു സമ്മതം ഉളവാക്കുന്ന പ്രക്രിയയായി നമുക്കു കാണാം. നവ മാധ്യമങ്ങളുടെ ലോകത്ത് സംഭാഷണങ്ങൾ കൂടി, അതേ സമയത്ത് ജീവിതത്തിന് അർത്ഥം നൽകുന്ന സംഭാഷണം വിരളവുമായി. ആരോഗ്യകരമായ ഒരു സംഭാഷണ ശൈലി വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. മുഖാഭിമുഖമായി സംസാരിക്കുന്നതും പരസ്പരം അംഗീകരിക്കുന്നതും തിരുത്തലുകൾ നൽകുന്നതുമായ സംഭാഷണങ്ങളായി വളരേണ്ടിയിരിക്കുന്നു. ഇന്നു നമ്മുടെ സമൂഹത്തിൽ അന്യം നിന്നു പോകുന്ന ഒന്നാണ് സംഭാഷണം. ഒരു കുടുംബത്തിൽ പരസ്പരം സംലഭ്യരാകാതെ അകന്നു കഴിയുന്ന ഒറ്റ തുരുത്തുകൾ ധാരാളമുണ്ട്. പരസ്പരം മനസ്സിലാക്കതെ, ശ്രവിക്കാതെ മൗനത്തിന്റെ എകാന്തതയിൽ കഴിയുന്നവരും വളരെയധികമാണ്. ഈ ഏകാന്തത ഒരുവനെ നഷ്ടപ്പെടലിന്റെ ഭാണ്ഡം ചുമക്കുവാൻ ഇടയാക്കുന്നു. അകന്നു കഴിയുന്ന യാഥാർത്ഥ്യത്തെ പൊളിച്ചുമാറ്റി

വസ്തുനിഷ്ഠപ്രകാരമല്ലാത്തതും അർത്ഥശൂന്യവുമായ പ്രതികരണമാണ് സംഭാഷണം എന്നുള്ള ധാരണ ഇന്നൊരു വെല്ലുവിളിയാണ്. കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും ആശയങ്ങൾ പ്രകടിപ്പിക്കുവാനും, സംസാരിക്കാനുമുള്ള ഇടങ്ങൾ കുടുംബത്തിലും, ഇടവകയിലും, സ്കൂളിലും സൃഷ്ടിക്കണം. ജീവിത ഗന്ധിയായ കാര്യങ്ങൾ സംസാരിക്കുവാനും ചിന്തിക്കുവാനും ഇടയാകുവാൻ തക്കവണ്ണം സംഭാഷണങ്ങൾ വളരണം.

### 4. ബന്ധങ്ങൾ: ഉറവിടങ്ങളിലേക്ക് തിരികെ പോകേണ്ട ആവശ്യകത

ദൈവോന്മുഖമായി ഒരു ലക്ഷ്യത്തെ മുൻ നിർത്തി, സമയകാലങ്ങളിലൂടെ യാത്ര ചെയ്യുന്നവനാണ് മനുഷ്യൻ. എന്നാൽ ഈ യാത്രയിൽ പലപ്പോഴും ജൈവീകമായ ഉറവിടങ്ങൾ നഷ്ടപ്പെടുന്നു. അല്ലെങ്കിൽ നിസംഗതയുടെ മൂടുപടം കൊണ്ട് മൂടി വച്ചിരിക്കുന്നു. വളർച്ചയുടെ പാതയിൽ ഇന്നലകളെ പൂർണ്ണമായും വിസ്മരിച്ച് പുതിയ മേച്ചിൽപുറം തേടുവാൻ മനുഷ്യൻ ആഗ്രഹിക്കരുത്. ഈ പരക്കം പാച്ചിലിൽ നഷ്ടപ്പെടുന്ന ബന്ധങ്ങളെ പറ്റി നാം ചിന്തിക്കാറില്ല. ഇവയുടെയെല്ലാം തെളിവാണ് നമ്മുടെ സമൂഹത്തിൽ പെരുകുന്ന അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവ. ഒരുവന്റെ ജീവിത സാക്ഷാത്കാരത്തിന് അവനെ സഹായിക്കുന്നതാണ് ഉറവിടങ്ങൾ. ഒരു വ്യക്തിയെ സംബന്ധിച്ച് കുടുംബം, സമൂഹം, വ്യക്തിബന്ധങ്ങൾ എന്നിവ അവന്റെ വ്യക്തിവികാസത്തിന്റെ ഉറഴിടങ്ങളായി നില കൊള്ളുന്നു. കുടുംബം, ബന്ധങ്ങൾ, ഇടവകകൾ ഒക്കെയും ഒരുവന്റെ മാനസിക-ആത്മീയ, ശാരീരിക വികാസത്തിന് സഹായിക്കുന്ന ഘടകങ്ങളാണ്. പടർന്ന് പന്തലിച്ച് നിൽക്കുന്ന ഒരു മരത്തിന്റെ അടിസ്ഥാനമിളകിയാൽ അത് തകർന്ന് വീഴും. ഉറവിടങ്ങൾ കണ്ടെത്തുവാനും അതിൽ നിന്ന് ശക്തി നേടി ജീവിതം ലക്ഷ്യം നേടാൻ ഓരോരുത്തർക്കും സാധിക്കണം. കുടുംബങ്ങൾ, ഇടവകകൾ ഒരുവന്റെ ശക്തികേന്ദ്രീകൃതമായി മാറി ദൈവീകജീവൻ പങ്കുവയ്ക്കുന്ന സ്ഥലങ്ങളായി രൂപാന്തരപ്പെടുത്തണം. നല്ല മനുഷ്യനായി തീരുന്ന ഒരുവനിൽ, അവന്റെ തുറവിയുടെ അടിസ്ഥാനത്തിൽ ദൈവീക കൃപയിൽ ഒരുവൻ വളർന്നു വരും. ഇപ്രകാരം മനുഷ്യർക്കും ദൈവത്തിനും പ്രീതിപാത്രമായി തീരാൻ ഓരോരുത്തർക്കും സാധിക്കട്ടെ.

### ഉപസംഹാരം

നഷ്ടപ്പെട്ടവ തിരികെ ലഭിക്കും എന്നതാണ് വിശുദ്ധ ഗ്രന്ഥം നൽകുന്ന സന്തോഷ വാർത്ത. പ്രാർത്ഥനയോടെ, ധ്യാനനിരതരായി അതിനായി കാത്തിരിക്കണെമന്നും വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. പുതുവർഷത്തിലേയ്ക്ക് കടക്കുന്ന നമുക്കു ഒരു തീരുമാനം എടുക്കാം. നമ്മുടെ ഉറവിടങ്ങൾ കണ്ടെത്തി നഷ്ടപ്പെട്ടവയെ ദൈവീകശക്തിയിൽ ആശ്രയിച്ച് തിരികെ ലഭിക്കുവാനും ആരോഗ്യകരമായ നല്ല ബന്ധങ്ങൾ വളർത്തുവാനുമുള്ള തീരുമാനം സ്വീകരിക്കാം. പുതുവർഷത്തിന്റെ ആശംസകൾ നേർന്നുകൊള്ളുന്നു.

## എല്ലാവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ